## (3) ചിറ്റൂർ ഷുഗർഫാക്ടറിയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. അച്ചുതൻ : സർ, എന്റെ നിയോജകമണ്ഡലത്തിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിലും സ്ഥിതി ചെയ്യുന്ന ചിറ്റൂർ ഷുഗർ ഫാക്ടറിയുടെ ഇന്നത്തെ സ്ഥിതി ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കരിമ്പ് കൃഷിക്കാർക്ക് ഏക ആശ്രയമായ ചിറ്റൂർ ഷുഗർ ഫാക്ടറി ഇന്ന് തകർച്ചയുടെ വക്കിലാണ്. ഒരു ടൺ കരിമ്പ് അരയ്ക്കുമ്പോൾ 130 രൂപ നഷ്ടം സഹിച്ചാണ് ആ ഫാക്ടറി ഇന്ന് ഓടിക്കൊണ്ടിരിക്കുന്നത്. ഒരു ദിവസം ഒന്നര ലക്ഷം രൂപയോളം നഷ്ടത്തിൽ ഓടുന്ന ഒരു ഫാക്ടറിയാണത്. ആയിരക്കണക്കിന് കൃഷിക്കാർ കരിമ്പ് കൃഷി ചെയ്യുന്നുണ്ട്. 800-ഓളം ജോലിക്കാർ ഈ ഫാക്ടറിയിൽ ജോലി ചെയ്യുന്നുണ്ട്. ഈ കണക്കിനു പോയാൽ ഒരു വർഷംകൊണ്ട് ആ ഫാക്ടറി പൂട്ടേണ്ടിവരുമെന്ന് അതിന്റെ ചെയർമാൻ തന്നെ വ്യക്തമാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആ ഫാക്ടറി സംരക്ഷിക്കേണ്ടത് ഈ നാടിന്റെ ആവശ്യമാണ്. കാരണം കേരളത്തിൽ ഇന്ന് ഒരു ഷുഗർ ഫാക്ടറി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതിന് ഒരു നിർദ്ദേശം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് ഇന്ന് സ്വകാര്യമേഖലയിൽ വിദേശ മദ്യ നിർമ്മാണ യൂണിറ്റ് നൽകുമ്പോൾ, ചാരായ നിരോധനം കൊണ്ടുമാത്രം തകർച്ച നേരിടുന്ന ചിറ്റൂർ ഫാക്ടറിയെ സംരക്ഷിക്കുന്നതിനായി ഒരു വിദേശ മദ്യ നിർമ്മാണ യൂണിറ്റ് ആ ഫാക്ടറിക്ക് അനുവദിക്കണം. അവിടെ ഇപ്പോൾ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഇ.എൻ.എ. അവിടെ കെട്ടിക്കിടക്കുകയുമാണ്. നിലവിലുള്ള ഡിസ്റ്റിലറികൾക്ക് ആവശ്യമായ ഇ.എൻ.എ. അവിടെ നിന്നും എടുത്തതിനുശേഷം മാത്രമേ വെളിയിൽ നിന്നും ഇറക്കുമതി ചെയ്യാവൂ എന്ന ഒരു ഉത്തരവു കൂടി കൊടുത്താൻ മാത്രമേ ആ ഫാക്ടറി നിലനിർത്താൻ കഴിയൂ. ചിറ്റൂർ ഷുഗർ ഫാക്ടറിയെ സംരക്ഷിക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനാണ്. ഇതിന് ബഹുമാനപ്പെട്ട മന്ത്രി അനുകൂലമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, ചിറ്റൂർ ഷുഗർ ഫാക്ടറിക്ക് 3-10-1973-ന് വിദേശ മദ്യം ഉണ്ടാക്കാൻ ലൈസൻസ് കൊടുത്തിട്ടുണ്ട്. ലൈസൻസ് അന്നാണ് കൊടുത്തത്. ആ ലൈസൻസ് 31-12-2000 വരെ പുതുക്കിയിട്ടുണ്ട്. ഇപ്പോഴും ലൈവിലാണ്. ഉൽപാദനം നടക്കുന്നില്ല എന്നതാണ് വസ്തുത. അത് മാനേജ്മെന്റ് എന്തുകൊണ്ടാണ് ഉൽപാദിപ്പിക്കാത്തത് എന്ന് ചോദിക്കണം. കുറച്ചു സ്ഥലം ബഹുമാനപ്പെട്ട അച്ചുതന്റെ നിയോജകമണ്ഡലത്തിലും കുറച്ചുസ്ഥലം എന്റെ മണ്ഡലത്തിലുമാണ്. ലൈസൻസ് ഉണ്ടായിട്ടും എന്തുകൊണ്ടാണ് ഉൽപ്പാദനം തുടങ്ങാത്തത് എന്ന് ചോദിക്കണം. ഈ വസ്തുത നില നിൽക്കുമ്പോൾ സബ്മിഷൻ വഴി ഐ.എം.എഫ്.എൽ.-ന് ലൈസൻസ് കൊടുക്കണമെന്നു പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർക്ക് അതിന്റെ വിശദാംശങ്ങൾ അറിയാത്തതുകൊണ്ടാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിൽ നിന്നും യാതൊരു നടപടിയും ഈ കാര്യത്തിൽ ആവശ്യമില്ല. They have got licence, 1973 മുതലുള്ള ലൈസൻസാണ്. 31-12-2000 വരെ ലൈസൻസ് കറന്റാണ്. ഇനി ലൈസൻസ് കൊടുക്കേണ്ട യാതൊരു കാര്യവുമില്ല. നേരെയങ്ങു തുടങ്ങാം.



LIBRARY ARCHIVES Kerala Legislative Assembly